**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2820** **13-12-2022 - ൽ മറുപടിയ്ക്ക്**

**നിലാവ് പദ്ധതി -എൽ.ഇ.ഡി. ബൾബുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | നിലാവ് പദ്ധതി പ്രകാരം കെ.എസ്.ഇ.ബി. സ്ഥാപിക്കുന്ന എൽ.ഇ.ഡി. ബൾബുകൾ കുറഞ്ഞ കാലയളവിനുള്ളിൽ തന്നെ കേടാവുന്നത് സംബന്ധിച്ച പരാതി പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കാമോ; | (എ) | നിലാവ് പദ്ധതി പ്രകാരം കെ.എസ്.ഇ.ബി.ലിമിറ്റഡ് സ്ഥാപിക്കുന്ന LED ബൾബുകൾ കേടാവുന്നത് സംബന്ധിച്ച പരാതി പരിഹരിക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. വിഷയം EECL-മായും ബൾബുകൾ നിർമ്മിച്ച് നൽകുന്ന കമ്പനികളുമായും ചർച്ച ചെയ്തു. ഗുണനിലവാരം ഉറപ്പാക്കുന്നതിന് കർശന നടപടികൾ സ്വീകരിക്കാനും നിർദ്ദേശിച്ചിട്ടുണ്ട്. നിലാവ് പദ്ധതിയിലെ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് കേന്ദ്ര സർക്കാർ അംഗീകൃത സ്ഥാപനമായ ഇ.ഇ.എസ്.എൽ ആണ്. പദ്ധതിക്കാവശ്യമായ LED ബൾബുകളും അനുബന്ധ സാമഗ്രികളും നൽകുന്നതും കേടായവ വാറണ്ടി കാലയളവിൽ റിപ്പയർ ചെയ്ത് ലഭ്യമാക്കുന്നതും ഇ.ഇ.എസ്.എൽ ആണ്. കോവിഡ് കാലഘട്ടത്തിൽ ഇലക്ട്രോണിക്സ് സാമഗ്രികളുടെ ക്ഷാമം കാരണം ഉണ്ടായ കാലതാമസം പരിഹരിക്കുന്നതിന് ഇ.ഇ.എസ്.എൽ ബൾബുകളുടെ യഥാർത്ഥ നിർമ്മാതാക്കളായ Orient, Bajaj എന്നിവരുമായി ചേർന്ന് കേടായ LED ബൾബുകളുടെ വിവരം ലഭിക്കുന്ന മുറയ്ക്ക് പരിപാലനം ചെയ്തു വരുന്നു.<br><br>നിലാവ് പദ്ധതി പ്രകാരം കെ.എസ്.ഇ.ബി. സ്ഥാപിക്കുന്ന എൽ.ഇ.ഡി. ബൾബുകൾ കുറഞ്ഞ കാലയളവിനുള്ളിൽ തന്നെ കേടാവുന്നത് സംബന്ധിച്ച പരാതി പരിഹരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നിലാവ് പദ്ധതി നടപ്പാക്കുന്ന വിവിധ വകുപ്പ്/ഏജൻസികളെ ഉൾപ്പെടുത്തി ചീഫ് സെക്രട്ടറി നടത്തിയിട്ടുള്ള മീറ്റിങ്ങുകളിൽ ചർച്ച ചെയ്തു തീരുമാനിച്ച പ്രകാരം താഴെപ്പറയുന്ന നടപടികൾ എടുത്തിട്ടുണ്ട്:<br><br>നിലാവ് പദ്ധതി നടപ്പാക്കുന്നത് തദ്ദേശസ്വയംഭരണ വകുപ്പ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, KSEB, |

| | | | |
|---|---|---|---|
| | | | EESL, KIIFB എന്നീ വകുപ്പ്/ഏജൻസികളുടെ സംയുക്തമായ പ്രവർത്തനങ്ങളിലൂടെയാണ്. നിലാവ് പദ്ധതി പ്രകാരം സ്ഥാപിച്ചിട്ടുള്ള LED തെരുവുവിളക്കുകൾക്ക് 7 വർഷം വാറണ്ടിയുണ്ട്. വാറണ്ടി കാലാവധിക്കുള്ളിൽ പദ്ധതിയുടെ ഭാഗമായി സ്ഥാപിച്ച LED വിളക്കുകളിൽ പ്രകൃതി ദുരന്തം കാരണമോ കൈകാര്യം ചെയ്യുന്നതിലുള്ള അപാകം കാരണമോ അല്ലാതെ കേടാകുന്ന LED വിളക്കുകൾക്കു പകരം EESL സൗജന്യമായി പുതിയ LED വിളക്കുകൾ നൽകുകയോ അല്ലെങ്കിൽ കേട്ടുപാട്ടുകൾ മാറ്റിയ LED വിളക്കുകൾ നൽകുകയോ ചെയ്യും. കേടാകുന്ന LED വിളക്കുകൾ പെട്ടെന്ന് പുനസ്ഥാപിക്കുന്നതിനായി പകരം LED വിളക്കുകൾ നൽകുന്നതിനു വേണ്ടി അധിക വില നൽകാതെ 5% ബഫർ സ്റ്റോക്ക് EESL ലഭ്യമാക്കും. സ്ഥാപിച്ച LED തെരുവുവിളക്കുകൾ പ്രവർത്തന രഹിതമായാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അതാതു KSEBL സെക്ഷൻ ഓഫീസുകളിൽ അറിയിക്കുന്നതനുസരിച്ച് പകരം LED വിളക്കുകൾ നൽകും. ഇതു മാറ്റി സ്ഥാപിക്കേണ്ട ചുമതല തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ AMC കരാറുകാർ വഴി മെയിന്റെനൻസ് നടപ്പിലാക്കും. ഇത് സംബന്ധിച്ച സർക്കുലർ തദ്ദേശസ്വയംഭരണ വകുപ്പ് ഇറക്കിയിട്ടുണ്ട്.<br><br>കാലതാമസം വരുത്താതെ, കേടാകുന്ന LED വിളക്കുകൾക്കു പകരം പുതിയ LED വിളക്കുകൾ നൽകുകയോ അല്ലെങ്കിൽ കേട്ടുപാട്ടുകൾ മാറ്റിയ LED വിളക്കുകൾ നൽകുകയോ ചെയ്യുവാനുള്ള നടപടികൾക്കായി EESL -മായും EESL -നു സപ്ലൈ ചെയ്യുന്ന ബജാജ്, ഓറിയെന്റ് എന്നീ കമ്പനികളുമായും KSEBL ചർച്ച നടത്തി ധാരണയിലെത്തിയിട്ടുണ്ട്. |
| (ബി) | കോടായ ബൾബുകൾ പുനഃസ്ഥാപിച്ച് കിട്ടുന്നതിൽ നേരിടുന്ന കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) | കാലതാമസം ഒഴിവാക്കാനായി ഇ.ഇ.എസ്.എൽ ന് പഞ്ചായത്തു തിരിച്ചുള്ള കേടായ LED ബൾബുകളുടെ വിവരം അറിയിച്ചു പരിപാലനം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>കാലതാമസം വരുത്താതെ, കേടാകുന്ന LED വിളക്കുകൾക്കു പകരം പുതിയ LED വിളക്കുകൾ നൽകുകയോ അല്ലെങ്കിൽ കേട്ടുപാട്ടുകൾ മാറ്റിയ LED വിളക്കുകൾ നൽകുകയോ ചെയ്യുവാനുള്ള നടപടികൾക്കായി EESL -മായും EESL -നു വേണ്ടി LED വിളക്കുകൾ സപ്ലൈ ചെയ്യുന്ന ബജാജ്, |

| | | | |
|---|---|---|---|
| | | | ഓറിയെന്റ് എന്നീ കമ്പനികളുമായും KSEBL ചർച്ച നടത്തി ധാരണയിലെത്തിയിട്ടുണ്ട്.<br><br>കേടാകുന്ന LED വിളക്കുകൾ പെട്ടെന്ന് പുനസ്ഥാപിക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ AMC കരാറുകൾ നൽകുന്നത് സംബന്ധിച്ച തദ്ദേശസ്വയംഭരണ വകുപ്പ് സർക്കുലർ ഇറക്കിയിട്ടുണ്ട്. |
| (സി) | ഇത് സംബന്ധിച്ച് കടമക്കുടി ഗ്രാമ പഞ്ചായത്ത് മന്ത്രിയ്ക്ക് നൽകിയ നിവേദനത്തിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കാമോ? | (സി) | കടമക്കുടി ഗ്രാമ പഞ്ചായത്തിലെ കേടായ LED ബൾബുകളുടെ വിവരം ഇ.ഇ.എസ്.എൽ നെ അറിയിച്ച് പരിപാലനം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ